കേരള സർക്കാർ

# പിന്നാക്ക വിഭാഗ വികസന വകുപ്പ് ഡയറക്ടറുടെ കാര്യാലയം

അയ്യൻകാളി ഭവൻ, കനകനഗർ, വെള്ളയമ്പലം, കവടിയാർ പി.ഒ,

തിരുവനന്തപുരം–695003, ഫോൺ/ഫാക്സ് - 0471 2727379

ഇമെയിൽ - bcddkerala@gmail.com, വെബ്സൈറ്റ് –www.bcdd.kerala.gov.in

**BCDIR/404/2026-B1** **തീയതി :04-08-2026**

ഭരണഭാഷ - മാതൃഭാഷ

## വിജ്ഞാപനം

## അഭിഭാഷക ധനസഹായ പദ്ധതി 2026-27

നീതിന്യായ രംഗത്ത് പിന്നാക്ക വിഭാഗങ്ങളുടെ മതിയായ പ്രാതിനിധ്യഉറപ്പാക്കുന്നതിന് പിന്നാക്ക വിഭാഗ വികസന വകുപ്പ് ആവിഷ്കരിച്ചു നടപ്പാക്കുന്ന അഭിഭാഷക ധനസഹായ പദ്ധതിക്ക് (2026-27) അപേക്ഷ ക്ഷണിക്കുന്നു. അപേക്ഷകൾ **www.bwin.kerala.gov.in** പോർട്ടൽ മുഖേന ഓൺലൈൻ ആയി സമർപ്പിക്കേണ്ടതാണ്. അപേക്ഷകർക്കുള്ള നിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു.

### അപേക്ഷകർക്കുള്ള നിർദ്ദേശങ്ങൾ

1. അപേക്ഷകൻ/അപേക്ഷക സംസ്ഥാനത്തെ പിന്നാക്ക സമുദായങ്ങളുടെ പട്ടികയിൽ (ഒ.ബി.സി) ഉൾപ്പെട്ട സമുദായാംഗമായ നിയമ ബിരുദധാരി ആയിരിക്കണം.
2. അപേക്ഷകൻ/ അപേക്ഷക കേരളീയനയിരിക്കണം.
3. കുടുംബ വാർഷിക വരുമാനം 1,00,000/- രൂപയിൽ അധികരിക്കരുത്.
4. ബന്ധപ്പെട്ട റവന്യൂ അധികാരിയിൽ നിന്ന് ഇ-ഡിസ്ട്രിക്ട് മുഖേന ഒരു വർഷത്തിനുള്ളിൽ ലഭിച്ചിട്ടുള്ള വരുമാന സർട്ടിഫിക്കറ്റിന്റെ നമ്പറും, സെക്യൂരിറ്റി കോഡും ഓൺലൈൻ അപേക്ഷയിൽ രേഖപ്പെടുത്തണം. വാർഷിക വരുമാനം ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡങ്ങളിൽ ഒന്നായിരിക്കും.
5. അപേക്ഷിക്കുന്ന എല്ലാവർക്കും ആനുകൂല്യം ലഭ്യമാകണമെന്നില്ല. അപേക്ഷകരുടെ എണ്ണം അധികരിക്കുന്ന പക്ഷം നിലവിലെ സർക്കാർ ഉത്തരവുകൾക്കു വിധേയമായി കുറഞ്ഞ വരുമാനം ഉള്ളവർക്ക് മുൻഗണന നൽകിക്കൊണ്ട് ഒരു വർഷം ആനുകൂല്യം അനുവദിക്കുന്നവരുടെ പരമാവധി എണ്ണം 100 എന്നു പരിമിതപ്പെടുത്തി (രണ്ട്, മൂന്ന് ഗഡുക്കൾ ഉൾപ്പടെ) ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതാണ്.
6. കേരള ബാർ കൗൺസിൽ 2024 ജൂലൈ 1 നും 2026 ജൂലൈ 31 നും ഇടയിൽ

എൻറോൾ ചെയ്ത് സംസ്ഥാനത്തിനകത്ത് തന്നെ പ്രാക്ടീസ് ചെയ്യുന്നവരായിരിക്കണം.

7. തെരഞ്ഞെടുക്കപ്പെടുന്നവർ 200 രൂപാ വിലയുള്ള മുദ്രപത്രത്തിൽ നിശ്ചിത മാതൃകയിൽ വകുപ്പുമായി കരാർ ഒപ്പുവയ്ക്കേണ്ടതാണ്.

8. Bwin portal മുഖേന ഓൺലൈൻ ആയി രജിസ്റ്റർ ചെയ്യുന്ന അപേക്ഷകൾ മാത്രമേ പരിഗണിക്കൂ.

9. അപേക്ഷയിൽ സ്വന്തം ഇ-മെയിൽ വിലാസവും, മൊബൈൽ നമ്പരും കൃത്യമായി രേഖപ്പെടുത്തേണ്ടതാണ്.

10. യാതൊരു കാരണവശാലും ഒരു അപേക്ഷകൻ ഒന്നിലധികം പ്രാവശ്യം രജിസ്ട്രേഷൻ നടത്താൻ പാടുള്ളതല്ല.

11. ഓൺലൈൻ രജിസ്ട്രേഷൻ നടത്തുമ്പോൾ നിർബന്ധമായും അപേക്ഷകന്റെ പേരിലുള്ള ലൈവ് ആയ ബാങ്ക് അക്കൌണ്ട് വിവരങ്ങൾ തന്നെ രേഖപ്പെടുത്തേണ്ടതാണ്. അല്ലാത്ത പക്ഷം ധനസഹായത്തിനുള്ള അർഹത നഷ്ടപ്പെടുന്നതാണ്. രക്ഷിതാനിന്റെയോ, മറ്റുള്ളവരുടെയോ പേരിലുള്ള ബാങ്ക് അക്കൌണ്ട് യാതൊരു കാരണവശാലും പരിഗണിക്കുന്നതല്ല. രേഖപ്പെടുത്തുന്ന അക്കൌണ്ട് ലൈവ് ആണെന്ന് ഉറപ്പാക്കേണ്ടതാണ്.

12. അപേക്ഷകർ ജാതി സർട്ടിഫിക്കറ്റ്, എൻറോൾമെന്റ് സർട്ടിഫിക്കറ്റ്, സീനിയർ അഭിഭാഷകനിൽ നിന്നുള്ള സാക്ഷ്യപത്രം (*ഓൺലൈനായി നൽകിയിട്ടുള്ള നിശ്ചിത മാതൃകയിലുള്ളത്*), ഹയർസെക്കന്ററി മുതലുള്ള യോഗ്യതാ സർട്ടിഫിക്കറ്റുകൾ, അപേക്ഷകന്റെ/അപേക്ഷകയുടെ പേരിലുള്ള ബാങ്ക് പാസ് ബുക്ക്, ആധാർ കാർഡ് എന്നിവ ഓൺലൈനിൽ upload ചെയ്യേണ്ടതാണ്. അപേക്ഷാഫാറത്തിന്റെ പ്രിന്റ് ഔട്ട്, അനുബന്ധ രേഖകൾ എന്നിവ പിന്നാക്ക വിഭാഗ വികസന വകുപ്പിലേക്ക് അയക്കേണ്ടതില്ല.

13. ഇതേ പദ്ധതി പ്രകാരം മുൻവർഷങ്ങളിൽ ധനസഹായം ലഭ്യമായവരിൽ രണ്ടും, മൂന്നും ഗഡു ലഭിക്കേണ്ട ഗുണഭോക്താക്കൾ വിനിയോഗ സാക്ഷ്യപത്രം, തുക ചെലവഴിച്ച ഒറിജിനൽ രസീതുകൾ, പ്രാക്ടീസ് തുടരുന്നു എന്ന സീനിയർ അഭിഭാഷകനിൽ നിന്നുള്ള സാക്ഷ്യപത്രം, ബാങ്ക് പാസ് ബുക്കിന്റെ പകർപ്പ് എന്നിവ സഹിതം മാനുവലായി റിന്യൂവൽ അപേക്ഷ സമർപ്പിക്കേണ്ടതാണ്.

14. അർഹരായവർക്ക് പ്രതിവർഷം 12,000/- രൂപ വീതം പരമാവധി മൂന്ന് വർഷത്തേക്ക് ധനസഹായം അനുവദിക്കുന്നതാണ്. അനുവദിക്കുന്ന തുക ഗുണഭോക്താക്കളുടെ ബാങ്ക് അക്കൌണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്യുന്നതാണ്.

15. ഈ പദ്ധതി സംബന്ധിച്ച് തുടർന്നുള്ള എല്ലാ അറിയിപ്പുകളും www.bwin.kerala.gov.in എന്ന വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതാണ്. വ്യക്തിഗത അറിയിപ്പുകൾ ഉണ്ടായിരിക്കുന്നതല്ല.

16. കൂടുതൽ വിവരങ്ങൾക്ക് പിന്നാക്ക വിഭാഗ വികസന വകുപ്പിന്റെ മേഖലാ ആഫീസുകളുടെ ഫോൺ നമ്പറുകളിലോ, ഇ-മെയിൽ വിലാസങ്ങളിലോ (ചുവടെ പട്ടികപ്പെടുത്തുന്നു) ബന്ധപ്പെടാവുന്നതാണ്.

17. ഓൺലൈൻ അപേക്ഷ സമർപ്പിക്കാനുള്ള അവസാന തിയതിയും സമയവും

:31.08.2026 രാത്രി 12 മണി വരെ.

| ജില്ല | ബന്ധപ്പെട്ട ഓഫീസ് |
|---|---|
| തിരുനന്തപുരം,കൊല്ലം,പത്തനംതിട്ട | പിന്നാക്ക വിഭാഗ വികസന വകുപ്പ്<br>മേഖലാ ആഫീസ്,കൊല്ലം<br>ഫോൺ - 0474 2914417<br>ഇ-മെയിൽ - bcddklm@gmail.com |
| ആലപ്പുഴ,കോട്ടയം,ഇടുക്കി,എറണാകുളം | പിന്നാക്ക വിഭാഗ വികസന വകുപ്പ്<br>മേഖലാ ആഫീസ്,എറണാകുളം<br>ഫോൺ - 0484 2983130<br>ഇ-മെയിൽ -<br>bcdderanakulam@gmail.com |
| തൃശ്ശൂർ,പാലക്കാട്,മലപ്പുറം | പിന്നാക്ക വിഭാഗ വികസന വകുപ്പ്<br>മേഖലാ ആഫീസ്, പാലക്കാട്<br>ഫോൺ - 0492 2222335<br>ഇ-മെയിൽ -<br>bcddpkd@gmail.com |
| കോഴിക്കോട്,വയനാട്,കണ്ണൂർ,കാസറഗോഡ് | പിന്നാക്ക വിഭാഗ വികസന വകുപ്പ്<br>മേഖലാ ആഫീസ്, കോഴിക്കോട്<br>ഫോൺ - 0495 2377786<br>ഇ-മെയിൽ - calicutbcdd@gmail.com |

Digitally signed by
RANJITH D I A S
Date: 04-08-2026
09:32:56

**Ranjith D IAS**

**DIRECTOR**

പകർപ്പ്:

1. ഗവ. സെക്രട്ടറി, പിന്നാക്ക വിഭാഗ വികസന വകുപ്പ് (ഉപരിപത്രം സഹിതം)
2. ഡയറക്ടർ, വിവര പൊതുജന സമ്പർക്ക വകുപ്പ് (ഉപരിപത്രം സഹിതം)
3. ഇൻഫർമേഷൻ ഓഫീസർ, വെബ് ആന്റ് ന്യൂ മീഡിയ
4. മേഖലാ ഡെപ്യൂട്ടി ഡയറക്ടർ, പിവിവിവ കൊല്ലം, എറണാകുളം, പാലക്കാട്, കോഴിക്കോട്
5. ഐ.ടി ഡിവിഷൻ, കോർഡിനേറ്റർ, പി.വി.വി.വ (വെബ്സൈറ്റിൽ അപ് ലോഡ്

ചെയ്യുന്നതിന്)

6. ഡയറക്ടറുടെ മേശ മേൽ

7. നോട്ടീസ് ബോർഡ്

8. കരുതൽ/അധികം